## വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 12.08.2015-ലെ യോഗ നടപടിക്കുറിപ്പ്

യോഗം രാവിലെ 8.05-ന് ബഹു. ഗ്രാമവികസന വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷത യിൽ ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ആരംഭിച്ചു.

**1.** സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 05.08.2015-ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

**2. പൊതുവിഷയങ്ങൾ**

**2.1 954** തദ്ദേശഭരണ സ്ഥാപനങ്ങൾ 380.55 കോടി രൂപ (6.27%) ചെലവഴിച്ചതായും ഇതിൽ 828 ഗ്രാമപഞ്ചായത്തുകൾ 229.10കോടി രൂപയും (7.20%), 81 ബ്ലോക്ക് പഞ്ചായത്തുകൾ 43.36 കോടി രൂപയും (5.91%), 12 ജില്ലാ പഞ്ചായത്തുകൾ 58.99 കോടി രൂപയും (6.49%), 29 മുനിസിപ്പാലിറ്റികൾ 33.50 കോടി രൂപയും,(5.23%), 4 കോർപ്പറേഷനുകൾ 15.88 കോടി രൂപയും (2.58%), ചെലവഴിച്ചതായി റിപ്പോർട്ട് ചെയ്തു.

**2.2** പദ്ധതികൾ ഭേദഗതി ചെയ്യണമെന്ന വിവധ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ 2015 ആഗസ്റ്റ് 25 വരെ പദ്ധതി ഭേദഗതി ചെയ്യുന്നതിന് അനുവദിച്ചു തീരുമാനിച്ചു. എന്നാൽ ഇ-ടെണ്ടർ സംബന്ധിച്ച് ഭേദഗതി നടത്തേണ്ടതില്ലെന്നും തീരുമാനിച്ചു.

**2.3** നിലവിലുള്ള കേസുകൾക്കായി അഡ്വക്കേറ്റ് മാർക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ 3000 രൂപവരെയാണ് അനുവദിക്കുന്നത് എന്ന വിഷയം ചർച്ച ചെയ്യുകയും 15000 രൂപ വരെ ഒരു കേസിൽ നൽകുന്നതിന് അനുമതി നൽകി തീരുമാനിച്ചു. എന്നാൽ 50000 രൂപ വരെ വകുപ്പുതലവൻമാർക്ക് അനുവദിക്കാവുന്നതാണ്. അതിനു മുകളിലുള്ള തുകയക്ക് സർക്കാരിന്റെ പ്രത്യേക അനുമതി വാങ്ങേണ്ടതാണെന്നും തീരുമാനിച്ചു. ഇതിനുള്ള ഉത്തരവ് എൽ.എസ്.ജി.ഡി. പുറപ്പെടുവിക്കേണ്ടതാണ്.

**3 പ്രത്യേക വിഷയങ്ങൾ**

**3.1 കുമ്പള ഗ്രാമപഞ്ചായത്ത്**
**(ബഹു. മഞ്ചേശ്വരം എം.എൽ.എ ശ്രീ. പി.ബി. അബ്ദുൾ റസാക്ക് മുഖേന)**
**നെല്ലനാട് ഗ്രാമപഞ്ചായത്ത് (ഫയൽനം. 420/ഡി.എ2/15 തസ്വഭവ)**
**കിടങ്ങൂർ ഗ്രാമപഞ്ചായത്ത്, കരിയാട് ഗ്രാമപഞ്ചായത്ത്, കുമരകം ഗ്രാമപഞ്ചായത്ത്, ചേരാനല്ലൂർഗ്രാമപഞ്ചായത്ത്,കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറി, പട്ടണക്കാട് ഗ്രാമ പഞ്ചായത്ത്, വാമനപുരം ബ്ലോക്ക് പഞ്ചായത്ത്**

പൊതുതീരുമാനം 2.2 ബാധകം

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 വണ്ടൂർ ഗ്രാമപഞ്ചായത്ത്**

മിനി സിവിൽ സ്റ്റേഷൻ നിർമ്മാണ പ്രവൃത്തിയുടെ ടെണ്ടറിംഗിന് എഞ്ചിനീയർക്ക് ഡിജിറ്റൽ സിഗ്നേച്ചർ ലഭിച്ചിട്ടില്ലെങ്കിൽ സെക്രട്ടറിയുടെ ഡിജിറ്റൽ സിഗ്നേച്ചർ ഉപയോഗിച്ച് ടെണ്ടർ നടത്തേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 ചെറുതാഴം ഗ്രാമപഞ്ചായത്ത്**

ഇ.എം.എസ് ഭവന പദ്ധതിയിലെ 9 ഗുണഭോക്താക്കൾക്ക് വർദ്ധിപ്പിച്ച നിരക്കിൽ തുക നൽകാനുള്ള ആവശ്യത്തിൽ, വർദ്ധിപ്പിച്ച കാലത്തേയ്ക്ക് ആനുപാതികമായി വർദ്ധിച്ച നിരക്ക് നൽകാൻ അനുവദിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ**

പഞ്ചായത്ത് മരാമത്ത് പണികൾക്ക് സി.പി.ഡബ്ല്യു. നിരക്കിൽ കൺവേയൻസ് അനുവദിക്കുന്നതിനുള്ള ആവശ്യം അനുവദിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 കായണ്ണ ഗ്രാമപഞ്ചായത്ത്**

ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്യുന്ന ടെക്നിക്കൽ അസിസ്റ്റന്റുമാർക്ക് പ്ലാൻ ഫണ്ടിൽ നിന്നും ഹോണറേറിയം നൽകാനുള്ള ആവശ്യം നിരസിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 നെടിയിരുപ്പ് ഗ്രാമപഞ്ചായത്ത്**

പ്രൈമറി സ്കൂളുകളിലെ ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടിയ കുട്ടികൾക്ക് ബാഗ്, സ്ലേറ്റ് എന്നിവ വിതരണം ചെയ്ത നടപടിക്ക് സാധൂകരണം നൽകണമെന്ന ആവശ്യം അംഗീകരിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 പുന്നയൂർ ഗ്രാമപഞ്ചായത്ത്**

ഗ്യാസ് ക്രിമിറ്റോറിയം സ്ഥാപിക്കാനാവശ്യമായ തുക നൽകുന്നത് സംബന്ധിച്ച് വകുപ്പുതല തീരുമാനം കൈക്കൊള്ളാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3. 8 അഴുത ബ്ലോക്ക് പഞ്ചായത്ത്**

2013–14, 2014–15 വർഷങ്ങളിൽ ഐ.എ.വൈ. കേന്ദ്ര വിഹിതം ലഭിക്കാത്ത സാഹചര്യത്തിൽ ബാങ്കുകളിൽ നിന്നും വായ്പയെടുക്കുന്നത് സംബന്ധിച്ച് ഗ്രാമവികസന കമ്മീഷണറുടെ റിപ്പോർട്ട് അടുത്ത യോഗത്തിൽ ലഭ്യമാക്കി ചർച്ച ചെയ്യാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3. 9 ചങ്ങനാശ്ശേരി നഗരസഭ**

പെരുന്ന വെസ്റ്റ് യു.പി. സ്ക്കൂളിന് 5 ലക്ഷം രൂപ ചെലവിൽ വാഹനം വാങ്ങി നൽകാൻ അനുവദിക്കണമെന്ന ആവശ്യം ഡ്രൈവറുടെ വേതനം, ഇന്ധനം, വാഹനത്തിന്റെ തുടർ ചെലവുകൾ എന്നിവ പി.റ്റി.എ വഹിക്കണമെന്ന വ്യവസ്ഥയോടെ അനുവദിച്ചു തീരുമാനിച്ചു.

വാഹനത്തിന് ചൈൽഡ് ലോക്ക് ഉണ്ടായിരിക്കണമെന്നും നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 ഷൊർണ്ണൂർ നഗരസഭ – നഗരകാര്യ ഡയറക്ടറുടെ കത്ത്**

2013–14, 2014–15 വർഷങ്ങളിലെ സൗരറാന്തൽ പദ്ധതിക്ക് ചെലവായ തുക അനുവദിക്കണമെന്ന മുനിസിപ്പാലിറ്റിയുടെ ആവശ്യം നിരസിക്കുകയും ഉത്തരവാദികളായവരിൽ നിന്ന് നിന്ന് തുക തിരിച്ചു പിടിക്കാൻ നഗരസഭ സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3. 11 ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്ത്**

ജവഹർ ഭവന പദ്ധതി പ്രകാരം വീട് വച്ചു നൽകുന്നതിന് കൊല്ലം ജില്ലാ സഹകരണബാങ്കിൽ നിന്നും വായ്പ എടുക്കുന്നത് സംബന്ധിച്ച് വകുപ്പുതല തീരുമാനം കൈക്കൊള്ളാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3. 12 കരിമ്പുഴ ഗ്രാമപഞ്ചായത്ത് (ഫയൽനം. 406/ഡി.എ2/15**

പുതുതായി അനുവദിച്ച ഐ.ടി.ഐ, ജി.എൽ.പി.എസ്. കെട്ടിടത്തിൽ ആരംഭിച്ചാൽ സ്ക്കൂൾ കുട്ടികളുടെ പഠനത്തിന് തടസ്സം ഉണ്ടാകില്ലെന്ന് പഞ്ചായത്ത് ഡയറക്ടർ പരിശോധിച്ച് റിപ്പോർട്ട് അടുത്ത യോഗത്തിൽ ലഭ്യമാക്കിയശേഷം ചർച്ച ചെയ്യാനായി മാറ്റി വച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3. 13 വട്ടവട ഗ്രാമപഞ്ചായത്ത്**

ഗ്രാമപഞ്ചായത്തിന് പ്രത്യേക ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ച് ബഹു. പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചർച്ച ചെയ്യാനായി മാറ്റി വച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3. 14 തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത്**

തദ്ദേശസ്വയംഭരണ വകുപ്പു പുറപ്പെടുവിച്ച മാർഗരേഖയ്ക്ക് വിരുദ്ധമായി സബ്സിഡി നൽകിയ പ്രവൃത്തി അംഗീകരിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3. 15 വടക്കാഞ്ചേരി  ഗ്രാമപഞ്ചായത്ത് (ബഹു. സഹകരണ വകുപ്പുമന്ത്രി മുഖേന)**

വരൾച്ച ദുരിതാശ്വാസ പദ്ധതിക്ക് ചെലവായ തുക നൽകുന്നത് സംബന്ധിച്ച് വകുപ്പുതല തീരുമാനം കൈക്കൊള്ളാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3. 16 അട്ടപ്പാടി  ബ്ലോക്ക് പഞ്ചായത്ത്**

2015–16–ൽ അംഗീകാരം ലഭിച്ച പദ്ധതികൾ ഗുണഭോക്തൃ സമിതി വഴി നടപ്പാക്കാൻ അനുവദിക്കണമെന്ന ആവശ്യത്തിൽ കോടതി നടപടികളുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3. 17 ഓർഫനേജസ് & ചാരിറ്റബിൾ ഇൻസ്റ്റിറ്റ്യൂഷൻസ് അസോസിയേഷന്റെ നിവേദനം (ഫയൽനം.8524/ഇ.ഡബ്യു.3/15/തസ്വഭവ)**

ഓർഫനേജസ് കൺട്രോൾ ബോർഡിൽ രജിസ്റ്റർ ചെയ്തു പ്രവർത്തിച്ചു വരുന്ന സ്ഥാപനങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള 1.25% ഫീസ് സംബന്ധിച്ച് വകുപ്പുതല തീരുമാനം കൈക്കൊള്ളാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3. 18 മഞ്ചേരി നഗരസഭ (ഫയൽ നം.96/ഡി.ബി.1/15/തസ്വഭവ)**

ഭവന പദ്ധതിക്കുള്ള പലിശ തനത് ഫണ്ടിൽ നിന്നും മാത്രമേ അടവാക്കേണ്ടതുള്ളൂ എന്ന തീരുമാനം അംഗീകരിക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3. 19  വാണിയംകുളം ഗ്രാമ പഞ്ചായത്ത്  (ഫയൽ നം.903/ഡി.ബി.1/15/തസ്വഭവ)**

കായിക താരത്തിന് ഭവന നിർമ്മാണ സഹായം നൽകുന്നത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമാക്കി അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ ചർച്ച ചെയ്യാനായി മാറ്റി വച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3. 20  പെരുവള്ളൂർ ഗ്രാമപഞ്ചായത്ത്  (ഫയൽ നം.377/ഡി.എ2/15/തസ്വഭവ) (ബഹു.എം.എൽ.എ അഡ്വ.കെ.എൻ.എ ഖാദർ മുഖേന)**

ലഹരിമുക്ത പഞ്ചായത്തായി നടപ്പാക്കാനുള്ള പദ്ധതിയിലെ പ്രവൃത്തികൾ ക്വട്ടേഷൻ/ടെണ്ടർ ഇല്ലാതെ അനുവദിക്കണമെന്ന ആവശ്യം നിരസിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3. 21 ചിങ്ങോലി ഗ്രാമപഞ്ചായത്ത് (ഫയൽ നം.116/ഡി.എ1/15/തസ്വഭവ)**

വിധവകളുടെ മക്കൾക്ക് ലഭിക്കുന്ന വിവാഹ ധനസഹായം അവിവാഹിതകളായ സ്ത്രീകളുടെ മക്കളുടെ കാര്യത്തിലും നൽകുന്നതിന് പ്രത്യേക കേസായി അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3. 22 കാർത്തികപള്ളി ഗ്രാമപഞ്ചായത്ത് (ഫയൽ നം.402/ഡി.എ2/15/തസ്വഭവ)**

കയർ തൊഴിലാളികൾക്ക് മൊബൈൽ റാട്ട് വാങ്ങി നൽകുന്നത് പഞ്ചായത്തിന്റെ ചുമതലയിൽ വരുന്ന വിഷയമല്ലാത്തതിനാൽ നിരസിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3. 23 തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്**

ആഗസ്റ്റ് 22 മുതൽ 26 വരെ തിരുവനന്തപുരത്ത് നടക്കുന്ന ഐ.ആർ.ഡി.പി./ എസ്.ജി.എസ്.വൈ വിപണനമേളയിൽ തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് 300000 രൂപയും, ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകൾ 50000 രൂപ വീതവും തനത്/ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3. 24 തിരുവമ്പാടി ഗ്രാമപഞ്ചായത്ത് (ബഹു.തിരുവമ്പാടി എം.എൽ.എ. ശ്രീ . സി. മോയിൻകുട്ടി മുഖേന)**

2012 ഓഗസ്റ്റിന് ഉണ്ടായ ഉരുൾപൊട്ടലിൽ വീടു നഷ്ടപ്പെട്ടവർക്ക് വീട് വയ്ക്കുന്നതിന് വേണ്ടി സംഭാവനയായി ലഭിച്ച തുകയിൽ ബാക്കിയുള്ള 1467447 രൂപ ഉപയോഗിച്ച് വീട് നഷ്ടപ്പെട്ടവർക്ക് വീട് നിർമ്മിച്ചു നൽകുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3. 25 എഴുപുന്ന ഗ്രാമപഞ്ചായത്ത്**

പഞ്ചായത്ത് ഓഫീസിനു മുകളിൽ എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗത്തിനും, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസും പ്രവർത്തിക്കുന്നതിനായി നിർമ്മാണം ആരംഭിക്കുന്നതിന് 15.07.2015–ലെ 4(3) തീരുമാനം അംഗീകരിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3. 26 കോടശ്ശേരി ഗ്രാമപഞ്ചായത്ത് (ബഹു. ചാലക്കുടി എം.എൽ.എ . ശ്രീ. ബി.ഡി. ദേവസ്സി മുഖേന)**

ആംബുലൻസ് വാങ്ങുന്നതിനുള്ള ആവശ്യം, വാഹനം, ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിക്ക് കൈമാറി ഡ്രൈവർ, ഇന്ധനം, മെയിന്റനൻസ് എന്നീ തുടർ ചെലവുകൾ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി വഹിക്കണമെന്ന വ്യവസ്ഥയിൽ അംഗീകരിച്ചു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3. 27 തിടനാട് ഗ്രാമപഞ്ചായത്ത്**

15.07.2015–ലെ കോഓർഡിനേഷൻ കമ്മിറ്റി ഇനം 3.12 പ്രകാരം ആംബുലൻസ് ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിക്ക് കൈമാറി തുടർചെലവുകൾ അവർ വഹിക്കേണ്ടതാണ്. ആശുപത്രി പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനമായതിനാൽ പഞ്ചായത്ത് കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ പാലിക്കാൻ മെഡിക്കൽ ഓഫീസർ ബാധ്യസ്ഥനാണെന്നും നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3. 28 ബഹു ഗ്രാമവികസന വകുപ്പുമന്ത്രിയുടെ കുറിപ്പ്**

കണ്ണൂർ ജില്ലയിൽ നടക്കുന്ന ദക്ഷിണ കാർഷിക മേളയ്ക്കായി കണ്ണൂർ ജില്ലാ പഞ്ചായത്ത് 5 ലക്ഷം രൂപയും ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ 1 ലക്ഷം രൂപ വീതവും തനത് ഫണ്ടിൽ നിന്നും സംഭാവനയായി നൽകുന്നതിന് യഥേഷ്ടാനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

(യോഗം രാവിലെ 8.50ന് അവസാനിച്ചു.)

**അടുത്ത കോഓർഡിനേഷൻ കമ്മിറ്റി യോഗം 19.08.2015–ന് രാവിലെ 8 മണിക്ക് ബഹു മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ കൂടുന്നതാണ്.**